മെട്രോ വാർത്ത

19 July 2017

# ദേശീയ മത്സ്യമേഖല വികസന സൂചിക തയാറാക്കണം: മനാഷ് ചൗധുരി

കൊച്ചി: സമുദ്രമത്സ്യ മേഖലയിൽ വിവിധ സംസ്ഥാനങ്ങളിലെ വികസന തോത് മനസിലാക്കാൻ ദേശീയ സമുദ്രമത്സ്യ മേഖല വികസന സൂചിക തയാറാക്കണമെന്ന് നീതി ആയോഗ് ഡെപ്യൂട്ടി അഡ്വൈസർ മനാഷ് ചൗധുരി സിഎംഎഫ്ആർഐയോട് അഭ്യർഥിച്ചു. ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണനുമായുള്ള ചർച്ചയിലാണ് ഇന്ത്യൻ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിന് വിവിധ പദ്ധതികൾ ആവിഷ്കരിക്കാൻ അദ്ദേഹം സിഎംഎഫ്ആർഐയോട് അഭ്യർഥിച്ചത്.

ദേശീയ സമുദ്രമത്സ്യ വികസന പദ്ധതി രൂപീകരിക്കണമെന്നതാണ് മറ്റൊരു പ്രധാന നിർദേശം. ബ്ലൂ ഇക്കോണമിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ·സാഗർമാല പദ്ധതിയിലെ നിർദേശങ്ങൾക്ക് അനുസൃതമായാണ് വികസന പദ്ധതി തയാറാക്കേണ്ടത്. സമുദ്ര ജൈവ വൈവിധ്യങ്ങളുടെ സാധ്യതയും പരിമിതികളും പഠനവിധേയമാക്കി വികസന പദ്ധതി രൂപകൽപന ചെയ്യണം. സമുദ്രസമ്പത്തിൽ ചിലത് ഇനിയും ഉപയോഗിക്കപ്പെടാതെ പോകുന്നതിന്റെ കാരണം മനസിലാക്കണം. സമുദ്ര ജലകൃഷിയിൽ സ്വകാര്യ നിക്ഷേപത്തിന് തടസമാകുന്ന കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദേശിക്കാനും വികസന പദ്ധതിക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ സംസ്ഥാനങ്ങളലെ സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട പഠനനിർദ്ദേശങ്ങൾ, നയരൂപീകരണം, വികസനരേഖ തുടങ്ങിയവ രാജ്യത്തെ സമുദ്രമത്സ്യോൽപാദനം വർധിപ്പിക്കുന്നതിന് സഹായകരമാണ്. വരുമാനം, ഭൗതികസാഹചര്യം, സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണം, സമുദ്രസമ്പത്തിന്റെ ലഭ്യത എന്നിവ അടിസ്ഥാനമാക്കിയാണു നയരൂപീകരണങ്ങൾ നടത്തേണ്ടത്. ഇത്തരം നയങ്ങൾ രൂപപ്പെടുത്തുമ്പോൾ കേന്ദ്ര സർക്കാർ ഈയിടെ പുറത്തിറക്കിയ ദേശീയ സമുദ്രമത്സ്യ നയവുമായി വൈരുദ്ധ്യമില്ലാതെ നോക്കണം. സിഎംഎഫ്ആർഐയുടെ സാങ്കേതികവിദ്യ മതിയായ രീതിയിൽ പ്രയോജനപ്പെടുത്തുകയാണെങ്കിൽ 2022 ഓടെ നാല് ലക്ഷം ടൺ മത്സ്യമാണ് കൂടുമത്സ്യ കൃഷിയിലൂടെ രാജ്യത്ത് ഉൽപാദിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നത്. ഇതിനായി, മത്സ്യവിത്ത്, തീറ്റ, നിക്ഷേപത്തിനാവശ്യമായ മറ്റി കാര്യങ്ങൾ എന്നിവയുടെ സാമ്പത്തിക അവലോകനം അനിവാര്യമാണ്. കുടുംബശ്രീ യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ കേരളത്തിൽ കൂട്മത്സ്യകൃഷി വൻവിജയമാക്കാമെന്നും മനാഷ് ചൗധുരി പറഞ്ഞു.